എസി.എച്ച്/2026
04.07.2026

# കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം – 2026

## ഒന്നാം ഘട്ട അലോട്ട്മെന്റ്

### നിർദ്ദേശങ്ങൾ

- ❖ വിദ്യാർത്ഥികൾക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്സ്‌വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്.
- ❖ **കോളേജ് പ്രവേശനം 06/07/2026 മുതൽ 08/07/2026 വരെ തീയതികളിൽ.**
- ❖ അലോട്ട്മെന്റ് ലഭിച്ചവർ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് "Click here for Payment"എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് സർവകലാശാല അഡ്മിഷൻ ഫീസ് ഓൺലൈൻ ആയി അടക്കേണ്ടതാണ്.
- ❖ **അലോട്ട്മെന്റ് ലഭിച്ച് സർവകലാശാല അഡ്മിഷൻ ഫീസ് അടച്ച വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ നിന്ന് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ് കാറ്റഗറി, അഡ്മിഷൻ തീയതി തുടങ്ങിയ വിവരങ്ങൾ പരിശോധിക്കാവുന്നതാണ്.**
- ❖ **അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതിക്കുള്ളിൽ തന്നെ കോളേജിൽ ഹാജരാകേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിക്കുള്ളിൽ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്.**

- താത്കാലിക അഡ്മിഷൻ (Temporary Admission): ഒന്നാം അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കോളേജ് അഡ്മിഷൻ സമയത്ത് Temporary/Permanent Admission തിരഞ്ഞെടുക്കാവുന്നതാണ്. താത്കാലിക അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ച രസീത്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ സമർപ്പിച്ച് താൽക്കാലിക അഡ്മിഷൻ എടുക്കാവുന്നതാണ്. ഈ ഘട്ടത്തിൽ മറ്റ് ഫീസുകൾ ഒന്നും തന്നെ കോളേജിൽ അടക്കേണ്ടതില്ല. എന്നാൽ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ (ടി.സി ഉൾപ്പെടെ) കോളേജിൽ സമർപ്പിക്കേണ്ടതാണ്.
- നിലവിൽ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരായ വിദ്യാർത്ഥികൾക്ക് കോളേജിൽ ഹാജരായി അഡ്മിഷൻ ഫീസ് അടച്ച രസീത്, ആപ്ലിക്കേഷൻ പ്രിൻറ്ഔട്ട്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ കോളേജിൽ സമർപ്പിച്ച് സ്ഥിര (permanent) അഡ്മിഷൻ എടുക്കാവുന്നതാണ്.
- സർവകലാശാല അഡ്മിഷൻ ഫീസ് അടയ്ക്കാത്തവരുടെയും, ഫീസടച്ച ശേഷം കോളേജിൽ ഹാജരായി പെർമനൻറ്/ടെമ്പററി അഡ്മിഷൻ എടുക്കാത്തവരുടെയും അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ തുടർന്ന് വരുന്ന രണ്ടാം അലോട്ട്മെന്റിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ, അവർക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിലേക്കായി

കോളേജിൽ ഹാജരായി പെർമനൻറ്/ടെമ്പററി അഡ്മിഷൻഎടുക്കേണ്ടതാണ്.

- ഈ ഘട്ടത്തിൽ Temporary / Permanent അഡ്മിഷൻ എടുക്കാത്ത വിദ്യാർത്ഥികളെ തുടർന്ന് വരുന്ന രണ്ടാം അലോട്ട്മെന്റിലേക്ക് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.
- വിദ്യാർത്ഥികൾ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ്ഷനുകൾ 09/07/2026ന് 4മണിക്ക് മുൻപായി നീക്കം ചെയ്യേണ്ടതാണ്.
- ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ രണ്ടാം അലോട്ട്മെന്റിൽ പ്രസ്തുത ഓപ്ഷനുകളിലേക്ക് പരിഗണിക്കുകയും സീറ്റ് ലഭിക്കുന്ന പക്ഷം ഒന്നാം അലോട്ട്മെന്റിൽലഭിച്ച സീറ്റ് നഷ്ടപ്പെടുന്നതും രണ്ടാം അലോട്ട്മെന്റിൽ ലഭിക്കുന്ന ഓപ്ഷൻ നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

**രജിസ്ട്രാർ**